Government of Kerala

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

No. KITE/2018/1515 (22) തീയതി : 16 .02.2018

**സർക്കുലർ**

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - 136 അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഒന്നാംഘട്ട പ്രൊജക്ടർ മൗണ്ടിംഗിനും ഭിത്തി പെയിന്റുചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്ന തിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ. ഉ(സാധാ) നം. 1827/2017/പൊ.വി.വ തീയതി 06.06.2017.
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 06.07.2017 ലെ APR-1/76/2017/KIIFB നമ്പർ നടപടിക്രമ ഉത്തരവ്.
3. 01.12.2017 ലെ കൈറ്റിന്റെ ഡയറക്ടർബോർഡ് യോഗത്തിന്റെ മിനിറ്റ്സ്.
4. 19.12.2017-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡയക്ടർമാരുടെ യോഗത്തിന്റെ മിനിറ്റ്സ്
5. സ.ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018
6. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 09.02.2018 ലെ APR 2/332/2017/KIIFB നമ്പർ കത്ത്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ വിശദ പ്രോജക്ട് റിപ്പോർട്ടിന് സൂചന 1 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും സൂചന 2 പ്രകാരം കിഫ്ബി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സൂചന 3 പ്രകാരം കൈറ്റിന്റെ ഡയറക്ടർ ബോർഡിന്റെ ശുപാർശ സൂചന 6 പ്രകാരം കിഫ്ബി അംഗീകരിച്ചു. ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് സ്ഥാപിക്കുന്നതിനും പെയിന്റ് ചെയ്ത് വൈറ്റ്സ്ക്രീൻ സജ്ജമാക്കുന്നതിനും തുക അനുവദിക്കുന്നതിനും ഇതിനാവശ്യമായ പ്രത്യേക പരിശീലനവും ഗുണനിലവാരം ഉറപ്പുവരുത്തി തുക വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഡയറക്ടറേറ്റുകൾ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സൂചന 4 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ക്ലാസ്റ്റൂം ഇലക്ട്രിഫിക്കേഷൻ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് സ്ഥാപിക്കൽ, ക്ലാസ് മുറിയിലെ ഭിത്തി വൈറ്റ് സ്ക്രീൻ ആക്കുന്നതിന് പെയിന്റ് ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ ചെയ്യുന്ന പക്ഷം പൂർണമായി ഗുണമേന്മ ഉറപ്പുവരുത്തുമെന്ന് സൂചന 5 പ്രകാരം സ്കൂളുകൾ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതനുസരിച്ച് ക്ലാസ് മുറികളിൽ പ്രൊജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയിന്റ് ചെയ്ത് സ്ക്രീൻ സജ്ജമാക്കുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി കൈറ്റിലെ മാസ്റ്റർ ട്രെയിനർമാർ പരിശോധിച്ച് വിശദാംശങ്ങൾ ഓൺലൈൻ പോർട്ടലിലുൾപ്പെടുത്തിയ ക്ലാസ്മുറികളിലാണ് പ്രൊജക്ടർ മൗണ്ടിംഗ് കിറ്റിന്റെ ഇൻസ്റ്റലേഷനും വൈറ്റ് സ്ക്രീനും തയ്യാറാക്കേണ്ടത്.
2. പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, HDMI കേബിൾ (10 മീറ്റർ), HDMI ഫേസ് പ്ലേറ്റ് എന്നിവയാണ് കൈറ്റ് ലഭ്യമാക്കുന്നത്. ഇവ ഉപയോഗിച്ച് ക്ലാസ് മുറിയുടെ സീലിംഗിൽ പ്രൊജക്ടർ ഉറപ്പിക്കണം.
3. പ്രാദേശികമായി ലഭ്യമാകുന്ന പരിചയസമ്പന്നരും, വിദഗ്ധരുമായ ടെക്നീഷ്യൻമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഈ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അനുബന്ധം 2 ൽ നൽകിയിരിക്കുന്ന വിശദീകരണക്കുറിപ്പും ഇതിനായി തയ്യാറാക്കിയ പ്രത്യേക വീഡിയോയും ഈ പ്രവർത്തനങ്ങൾ ചെയ്യുന്നവരും മോണിറ്റർ ചെയ്യുന്നവരും നിർബന്ധമായും കാണേണ്ടതും ഇതിനനുസൃതമായി പ്രവർത്തനങ്ങൾ ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. ക്ലാസ് മുറികളിൽ എഴുതാനുപയോഗിക്കുന്ന ബ്ലാക്ക്/ഗ്രീൻ/വൈറ്റ് ബോർഡിനോടൊപ്പം ഭിത്തി പെയിന്റുചെയ്ത് അല്ലെങ്കിൽ കൈറ്റ് ലഭ്യമാക്കുന്ന സ്ക്രീൻ ഉറപ്പിച്ച് പ്രദർശനത്തി നാവശ്യമായ പ്രതലം സജ്ജീകരിക്കണം. (ഒരേ സമയം എഴുതാനുവാനുള്ള ബോർഡും പ്രൊജക്ഷനുള്ള പ്രതലവും (സ്ക്രീനും) ആവശ്യമാണ്).
5. ഒരു ക്ലാസ് മുറിയിൽ പ്രൊജക്ടറും സ്ക്രീനും ഉറപ്പിക്കുന്നതിന് പരമാവധി 1000/- രൂപയും ഭിത്തി പെയിന്റുചെയ്ത് വൈറ്റ് സ്ക്രീൻ തയ്യാറാക്കുന്നതിന് 1500/- രൂപയും കൈറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഇതിനുപരിയായി വരുന്ന ചെലവുകളുണ്ടെങ്കിൽ അത് സ്കൂളുകൾ കണ്ടെത്തണം.
6. ഒന്നാംഘട്ടത്തിൽ കൈറ്റ് ലഭ്യമാക്കുന്ന ഉപകരണങ്ങളുടെ എണ്ണത്തിന് അനുസരിച്ചുള്ള തുകയാണ് ഇപ്പോൾ ആവശ്യപ്പെടേണ്ടത്. തുടർന്നുള്ള ഘട്ടങ്ങളിലേക്ക് തുക ആവശ്യമെങ്കിൽ പിന്നീട് നൽകുന്നതാണ്.
7. ഇതിനാവശ്യമായ തുക സംബന്ധിച്ച വിശദാംശങ്ങൾ survey.itschool.gov.in ൽ പ്രഥമാധ്യാപകർ ഫെബ്രുവരി 26 നകം സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിനും തുക അനുവദിക്കുന്നതുമാണ്. തുക ആവശ്യപ്പെടുന്നതിനുള്ള ഓൺലൈൻ അപേക്ഷയുടെ മാതൃക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.
8. സ്കൂൾ ഐ. ടി. അഡ്വൈസറി അക്കൗണ്ടിലേയ്ക്കാണ് തുക അനുവദിക്കുന്നത്. എന്നാൽ ഐ.ടി അഡ്വൈസറി അക്കൗണ്ടില്ലാത്ത ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് പ്രഥമാധ്യാപകരുടെ ഔദ്യോഗിക അക്കൗണ്ടിലേയ്ക്ക് തുക അനുവദിക്കുന്നതാണ്.
9. പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചിലവഴിക്കുന്ന തുകയുടെ ബില്ലും വൗച്ചറും ഓഡിറ്റിനായി സ്കൂളിൽ സൂക്ഷിക്കേണ്ടതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രഥമാധ്യാപകർ ഒപ്പിട്ട് കൈറ്റിന്റെ ജില്ലാ ഓഫീസിൽ നൽകേണ്ടതുമാണ്.
10. സ്കൂളുകൾക്ക് ലഭിക്കുന്ന തുകയിൽ ടി പ്രവർത്തനങ്ങൾക്കുശേഷം ബാക്കിയുണ്ടെങ്കിൽ അത് കൈറ്റിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.
11. വൈറ്റ് സ്ക്രീൻ തയ്യാറാക്കലും പ്രൊജക്ടർ മൗണ്ടിംഗും പൂർത്തിയാകുന്ന ഓരോ ക്ലാസ് മുറിയിലും ഉപകരണങ്ങൾ നിർദേശപ്രകാരം ശരിയായി ക്രമീകരിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപകരും സ്കൂൾ ഐ ടി കോർഡിനേറ്റർമാരും പരിശോധിച്ചുറപ്പാക്കേണ്ടതാണ്.

**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
സ്റ്റോക്ക്ഫയൽ

https://survey.itschool.gov.in/index.php/SchoolSurvey/application

Home | E-Waste | Hi-tech Survey Readiness | Hi-tech Survey 2016(Old) | Log Out

**മൗണ്ടിങ് കിറ്റിന്റെ ഇൻസ്റ്റലേഷനും ഭിത്തി പെയിന്റിങ്ങിനും ഉള്ള തുക അനുവദിക്കുന്നതിനുള്ള അപേക്ഷ**

February 2018

വിഭാഗം : HS

| | | | |
|---|---|---|---|
| **School Code** | 42060 | **Name** | Govt. H.S. Anappara |
| **District** | Thiruvananthapuram | **Finace Type** | Government |

| മൗണ്ടിങ് കിറ്റ് | | | ഭിത്തി പെയിന്റിങ് | | |
|---|---|---|---|---|---|
| ഒന്നാം ഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത് | ആവശ്യമുള്ളവ | തുക | സ്ക്രീൻ അനുവദിച്ചിട്ടുള്ളവ | പെയിന്റ് ചെയ്ത് ഉപയോഗിക്കാവുന്നവ | തുക |
| 0 | 0 | 0 | 0 | 0 | 0 |

| | |
|---|---|
| Payee Name | |
| Bank | Select |
| Branch | |
| Account Number. | |
| IFSC Details | |
| Amount | 0 |

Save

## പ്രൊജക്ടർ മൗണ്ടിംഗ് കിറ്റിന്റെ ഇൻസ്റ്റലേഷനും വൈറ്റ് സ്ക്രീൻ തയ്യാറാക്കലും

മൾട്ടിമീഡിയ സാധ്യതകളും സർവ്വവിജ്ഞാനകോശങ്ങളും ഇന്റർനെറ്റ് സൗകര്യങ്ങളും വെർച്വൽ ലാബുകളുമെല്ലാം പ്രയോജനപ്പെടുത്തി അറിവുനിർമാണപ്രക്രിയ അനായാസവും രസകരവുമാക്കുന്ന ഹൈടെക് ക്ലാസ് മുറികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ തയ്യാറാവുകയാണ്. ക്ലാസ് മുറിയിലെ ഓരോ ഉപകരണവും അനുയോജ്യമായ സ്ഥലങ്ങളിൽ ക്രമീകരിച്ചാൽ മാത്രമെ അവയുടെ ഉപയോഗം കാര്യക്ഷമമാവുകയുള്ളൂ. ഈ രീതിയിൽ ഹൈടെക് ക്ലാസ്മുറിയിൽ ഉപകരണങ്ങൾ ക്രമീകരിക്കുന്നതിന്റെ ഒരു മാതൃക യാണ് ചുവടെ ചേർക്കുന്നത്. ഓരോ ക്ലാസ്മുറിയുടെയും നിലവിലെ സാഹചര്യത്തിനനുസരിച്ച് ഇതിൽ നിന്നും വ്യത്യസ്തമായ ക്രമീകരണങ്ങൾ ആവശ്യമായി വന്നേക്കാം, ക്ലാസ്മുറിയുടെ ഘടനയ്ക്കനുസരിച്ച് ഇതോടൊപ്പം നൽകുന്ന നിർദേശങ്ങൾകൂടി പരിഗണിച്ച് അത്തരം ക്ലാസ് മുറികളും പരമാവധി ഭംഗിയായി ക്രമീകരിക്കേണ്ടതാണ്.

**ഹൈടെക് ക്ലാസ് മുറിയിലെ സംവിധാനങ്ങൾ**

അടച്ചുറപ്പുള്ളതും പൊടിശല്യമില്ലാത്തതും പെയിന്റുചെയ്ത് ഭംഗിയാക്കിയ ചുവരുകളും ഫർണിച്ചറുകളുമുള്ള ഹൈടെക് ക്ലാസ് മുറിയിൽ സജ്ജീകരിക്കേണ്ട ഉപകരണങ്ങൾ,

- ലാപ്ടോപ് കമ്പ്യൂട്ടർ
- മൾട്ടിമീഡിയ പ്രൊജക്ടർ
- ശബ്ദ സംവിധാനത്തിന് അനുയോജ്യമായ സ്പീക്കർ
- ഇന്റർനെറ്റ് ലഭ്യത
- പവർ സോക്കറ്റുകൾ
- ഫേസ്പ്ലേറ്റ്
- വൈറ്റ് സ്ക്രീൻ/ഭിത്തി വൈറ്റ് പെയിന്റുചെയ്ത് തയ്യാറാക്കിയ പ്രതലം
- എഴുതുന്നതിനുള്ള ബ്ലാക്ക്/ഗ്രീൻ/ വൈറ്റ് ബോർഡ്
- പോഡിയം/ലക്ചർ സ്റ്റാന്റ്/ലാപ്ടോപ് സൂക്ഷിക്കുന്നതിനുള്ള ഷെൽഫ്

ഇവയോരോന്നും യഥാസ്ഥാനത്ത് ക്രമീകരിച്ച് ക്ലാസ്മുറികൾ ആകർഷകവും വിദ്യാർഥി സൗഹൃദവുമാക്കി സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുക യാണ് ലക്ഷ്യമിടുന്നത്.


### 1. ഹൈടെക് ക്ലാസ് മുറിയിൽ പ്രദർശനത്തിനുള്ള പ്രതലം തയ്യാറാക്കൽ

ക്ലാസ്മുറിയിൽ മൾട്ടിമീഡിയ സാധ്യതകൾ പ്രയോജനപ്പെടുത്തുമ്പോൾ അവ വിദ്യാർഥി കൾക്ക് എല്ലാവർക്കും ആയാസമില്ലാതെ കാണാൻ കഴിയുന്നതീതിയിൽ ക്രമീകരിക്കേണ്ട താണ്. ഇതിനായി എഴുതുന്നതിനുള്ള ബ്ലാക്ക്/ഗ്രീൻ/ വൈറ്റ് ബോർഡിനോടൊപ്പംതന്നെ പ്രദർശനത്തിനാവശ്യമായ പ്രതലവും ക്രമീകരിക്കേണ്ടതാണ്.

ക്ലാസിലിരിക്കുന്ന വിദ്യാർഥികൾക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഭിത്തിയിൽ മധ്യഭാഗത്തു നിന്നും ഇരുവശങ്ങളിലേയ്ക്കും (*ഏകദേശം 170 cm നീളവും 128 cm ഉയരവുമുള്ളത്*) എഴുതുന്നതിനുള്ള ബ്ലാക്ക്/വൈറ്റ്/ഗ്രീൻ ബോർഡ് ഒരു വശത്തേയ്ക്കും അതേ വലിപ്പത്തിൽ മറുവശ ത്തേയ്ക്ക് പ്രദർശനത്തിനുള്ള വെളുത്ത പ്രതലവും ക്രമീകരിക്കാവുന്നതാണ്. ഇവ തറയിൽ നിന്നും അധികം ഉയരത്തിലല്ലാതെ (*തറയിൽ നിന്നും ഏകദേശം 110 cm ഉയരത്തിൽ*) ക്ലാസിലിരിക്കുന്ന എല്ലാവർക്കും കാണാൻ കഴിയുന്നവിധത്തിലായിരിക്കണം ക്രമീകരിക്കേണ്ടത്.

പ്രദർശനത്തിനുള്ള വെളുത്ത പ്രതലം ഭിത്തിയിൽ പെയിന്റുചെയ്ത് തയ്യാറാക്കുകയോ അതിനു കഴിയുന്നില്ലെങ്കിൽ പ്രത്യേകം വൈറ്റ് സ്ക്രീനുപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

*മാതൃക*




<u>ഭിത്തിപെയിന്റുചെയ്ത് പ്രദർശനത്തിനുള്ള വെളുത്ത പ്രതലം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്,</u>

- വലിപ്പവും സ്ഥാനവും നിർദേശങ്ങൾക്കനുസരിച്ച് ക്രമീകരിക്കണം.
- ആവശ്യമെങ്കിൽ ഭിത്തി പുട്ടിയിട്ട് നിരപ്പുള്ളതാക്കുക
- തിളക്കമില്ലാത്ത (*മാറ്റ് ഫിനിഷ്*) വെളുത്ത പെയിന്റടിക്കുക
- ആവശ്യമെങ്കിൽ കറുത്ത ബോർഡർ നൽകുക (*പരമാവധി 3 cm*)

<u>ഭിത്തിയിൽ വൈറ്റ് സ്ക്രീൻ ഉറപ്പിക്കുന്നവിധം,</u>

- സ്ഥാനം നിർദേശങ്ങൾക്കനുസരിച്ച് ക്രമീകരിക്കണം
- മുകളിൽ ക്ലാമ്പ്/സ്ക്രൂ ചെയ്ത് ഉറപ്പിക്കുക
- സ്ക്രീൻ ഭിത്തിയോട് ചേർന്നു നിൽക്കണം
- ഒരേ സമയം എഴുതുവാനും പ്രദർശനത്തിനും കഴിയുന്നവിധത്തിൽ ബ്ലാക്ക് ബോർഡ് മറയാതെയുറപ്പിക്കുക

## 2. ഹൈടെക് ക്ലാസ് മുറിയിൽ പ്രൊജക്ടർ മൗണ്ട് ചെയ്യുന്ന രീതി

ക്ലാസ് മുറിയിലെ സ്ക്രീനിൽനിന്നും നിശ്ചിത (ഏകദേശം 366 cm) അകലെയായി സീലിംഗിലാണ് പ്രൊജക്ടർ ഉറപ്പിക്കേണ്ടത്. ഇതിനാവശ്യമായ സീലിംഗ് മൗണ്ടിംഗ് കിറ്റിൽ സ്ക്രൂകളും അലൈൻ കീകളും സ്പാനറുമെല്ലാം അടങ്ങിയിട്ടുണ്ട്. യൂണിവേഴ്സൽ മൗണ്ടിംഗ് കിറ്റാണ് നൽകിയിരിക്കുന്നത് എന്നതിനാൽ എല്ലാ പ്രൊജക്ടറുകളും ഇതിൽ ഉറപ്പിക്കാവുന്നതാണ്. സീലിംഗിൽ പ്രൊജക്ടറിനെ തലകീഴായുറപ്പിച്ചശേഷം അതിന്റെ ഡിസ്‌പ്ലേ ക്രമീകരിച്ച് കൃത്യമാക്കുകയാണ് ചെയ്യേണ്ടത്. ചില ക്ലാസ് മുറികളിൽ സീലിംഗിന്റെ പ്രതലം ഇവയുറപ്പിക്കാൻ കഴിയുന്നവിധത്തിൽ ബലമുള്ളതല്ലെങ്കിൽ അത്തരം ക്ലാസ് മുറികളിൽ രണ്ടുഭിത്തികൾ തമ്മിൽ ക്രോസ് ബാർ ഘടിപ്പിച്ച് ബലമുള്ളതാക്കിയശേഷം ക്രോസ് ബാറിൽ പ്രൊജക്ടർ ഘടിപ്പിക്കുകയോ അത്തരത്തിൽ മറ്റുക്രമീകരണങ്ങൾ ക്ലാസ് മുറിയുടെ ഘടനയ്ക്കനുസരിച്ച് തയ്യാറാക്കുകയോ ചെയ്യാവുന്നതാണ്.

<u>പ്രൊജക്ടർ ഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്</u>

- പ്രൊജക്ടറിൽ നിന്നുള്ള ഡിസ്‌പ്ലേ വൈറ്റ് സ്ക്രീനിൽ മുഴുവനായി ലഭിക്കുന്ന അകലത്തിൽ പ്രൊജക്ടർ ക്രമീകരിക്കണം.
- വൈറ്റ് സ്ക്രീൻ തയ്യാറാക്കിയിരിക്കുന്ന ഭിത്തിയിൽ സ്ക്രീനിന്റെ മധ്യഭാഗത്തുനിന്നും നിശ്ചിത (ഏകദേശം 366 cm) അകലെയായി പ്രൊജക്ടറിനെ താൽക്കാലിക മായിവെച്ച് ലാപ്ടോപുമായി ബന്ധിപ്പിച്ചശേഷം ലാപ്‌ടോപ്പിലെ ഡിസ്‌പ്ലേ സെറ്റിംഗ്സിൽ 4:3 റെസൊല്യൂഷനാക്കുക. (*ലാപ്‌ടോപ്പിലെ മുകളിലത്തെ പാനലിൽ വലതുവശത്തുള്ള ഐക്കണിൽ System settings -> Displays -> Resolution -> 4:3* )

- പ്രൊജക്ടറിന്റെ ഡിസ്പ്ലേ, ഭിത്തിയിലെ സ്ക്രീനിൽ മുഴുവനായി നിറഞ്ഞുനിൽക്കുന്ന വിധത്തിൽ പ്രൊജക്ടറിന്റെ സ്ഥാനം നിർണയിച്ചശേഷംമാത്രം ആ സ്ഥാനത്ത് സീലിംഗിൽ മൗണ്ടിംഗ് കിറ്റ് സ്ഥാപിക്കുക.
- മൗണ്ടിംഗ് കിറ്റുറപ്പിച്ചശേഷം അതിൽ പ്രൊജക്ടർ തലകീഴായുറപ്പിക്കുക
- മൗണ്ടിംഗ് കിറ്റിന്റെ സീലിംഗിൽനിന്നും താഴേയ്ക്കുള്ള അകലം ക്രമീകരിക്കാവുന്നതാണ്. ഇത് ക്രമീകരിക്കുമ്പോൾ അതിലിരിക്കുന്ന പ്രൊജക്ടറിന്റെ ലെൻസ് സ്ക്രീനിന്റെ മുകൾഭാഗത്തിനുനേരെ ഒരേരേഖയിൽ വരുന്നവിധത്തിൽ ക്രമീകരിക്കേണ്ടതാണ്.
- മൗണ്ടിംഗ് കിറ്റിനോടൊപ്പം നൽകുന്ന 10 മീറ്റർ HDMI കേബിളിനെ പ്രൊജക്ടറിൽ നിന്നും ലാപ്ടോപ് വെയ്ക്കുന്ന സ്ഥാനംവരെ ഭിത്തിയിലൂടെ കേയ്സ് & ക്യാപ് ഉപയോഗിച്ച് ഭംഗിയായി ഉറപ്പിച്ച് അതിൽ ഫേസ്പ്ലേറ്റ് വെയ്ക്കുക. ഫേസ്പ്ലേറ്റിൽ നിന്നും ചെറിയ (2-3 മീറ്റർ) HDMI കേബിളുപയോഗിച്ച് ലാപ്ടോപ്പിലേയ്ക്ക് ബന്ധിപ്പിക്കേ ണ്ടതും ഇത് ആവശ്യമുള്ളപ്പോൾ ഡിസ്കണക്ട് ചെയ്യാവുന്നതുമാണ്.
- 10 മീറ്റർ HDMI കേബിളുറപ്പിക്കുമ്പോൾ പ്രൊജക്ടറിൽ നിന്നും ലാപ്ടോപ്പിലേയ്ക്ക് ഏറ്റവും കുറഞ്ഞദൂരത്തിലുള്ള പാതയിലൂടെയായിരിക്കുവാൻ ശ്രദ്ധിക്കുക.
- ഫേസ് പ്ലേറ്റിനെ പവർ സോക്കറ്റിനടുത്ത് വെയ്ക്കേണ്ടതാണ്. എന്നാൽ ഇതിൽ നിന്നും ലാപ്ടോപ്പിലേയ്ക്കുള്ള കേബിൾ അധ്യാപകരുടെ ക്ലാസ്മുറിയിലെ ചലനത്തിന് തടസമുണ്ടാകാത്തവിധം വശങ്ങളിലേയ്ക്ക് നീങ്ങിയായിരിക്കുന്നതിൽ ശ്രദ്ധിക്കുക.
- പ്രൊജക്ടറിനെ മൗണ്ടിംഗ് കിറ്റിൽ ഘടിപ്പിച്ചശേഷം ലാപ്ടോപ്പുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിച്ചുനോക്കുക. മൗണ്ടിംഗ് കിറ്റും പ്രൊജക്ടറിന്റെ സെറ്റിംഗ്സും (കീസ്റ്റോൺ, Projection - Front ceiling, ലെൻസ് സൂമിംഗ് എന്നിവ) ക്രമീകരിച്ച് നേരെയുള്ളതും സ്ക്രീൻ മുഴുവനായുള്ളതുമായ ഡിസ്പ്ലേ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ടെക്നീഷ്യൻ പോകുന്നതിനുമുൻപ് ഓരോ ക്ലാസിലെയും ഉപകരണങ്ങൾ ശരിയായി പ്രവർത്തിക്കുന്നുവെന്ന് പരിശോധിച്ചുറപ്പാക്കേണ്ടതാണ്.
- ക്ലാസിൽ മറ്റ് പ്രവർത്തനങ്ങൾ നടക്കുമ്പോൾ പ്രൊജക്ടറിന്റെ ഡിസ്പ്ലേ റിമോട്ടിലെ ബട്ടണുപയോഗിച്ച് താൽക്കാലികമായി ബ്ലാങ്ക് ആക്കാവുന്നതാണ്. വീണ്ടും ആവശ്യമായി വരുമ്പോൾ റിമോട്ടിലെ അതേ ബട്ടണുപയോഗിച്ച് വേഗത്തിൽ ഡിസ്പ്ലേ പ്രവർത്തിപ്പിക്കാവുന്നതുമാണ്.

**ക്രമീകരണങ്ങളെല്ലാം പൂർത്തിയായ ഹൈടെക് ക്ലാസ്മുറി**

അടച്ചുറപ്പുള്ളതും പൊടിശല്യമില്ലാത്തതും പെയിന്റ്ചെയ്ത് ഭംഗിയാക്കിയ ചുവരുകളും ഫർണിച്ചറുകളോടുംകൂടി ക്ലാസ്മുറി തയ്യാറാകുന്നു. ഇതിൽ വിദ്യാർഥികൾക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഭിത്തിയിൽ മധ്യഭാഗത്തുനിന്നും ഇരുവശങ്ങളിലേയ്ക്കും 170 cm നീളവും 128 cm ഉയരവുമുള്ള വെളുത്ത സ്ക്രീനും എഴുതുന്നതിനുള്ള ബ്ലാക്ക് /വൈറ്റ്/ഗ്രീൻ ബോർഡും. ബോർഡ് ഉറപ്പിച്ചിരിക്കുന്ന അതേഭിത്തിയിൽ ഒരറ്റത്ത് താഴെയായി ഉറപ്പിച്ചിരിക്കുന്ന പവർസോക്കറ്റു കളും ഫേസ് പ്ലേറ്റും നെറ്റ്വർക്ക് പോർട്ടും. പോഡിയം/ലക്ചർ സ്റ്റാന്റിലെ ലാപ്ടോപിൽ നിന്നും പവർ സോക്കറ്റിലേയ്ക്കും ഇന്റർനെറ്റിനായി LAN പോർട്ടിലേയ്ക്കും ഡിസ്പ്ലേയ്ക്കായി ഫേസ്പ്ലേറ്റിലേയ്ക്കും കേബിൾ ഘടിപ്പിച്ചിരിക്കുന്നു. ടീച്ചർ വിദ്യാർഥികൾക്ക് അഭിമുഖമായി നിൽക്കുന്ന രീതിയിൽ ഒരു വശത്തായി പോഡിയം/ലക്ചർ സ്റ്റാൻഡും അതിൽ ലാപ്ടോപും സ്പീക്കറും ക്രമീകരിക്കണം. ഇതിൽ നിന്നുള്ള കേബിളുകൾ ടീച്ചറുടെ ക്ലാസിലെ ചലനത്തെ തടസപ്പെടുത്താത്ത രീതിയിൽ ഒരു വശത്തോട് ചേർന്ന് ക്രമീകരിക്കണം. ഫേസ്പ്ലേറ്റിൽനിന്നും പ്രൊക്ടറിലേയ്ക്ക് സ്ഥിരമായി വയറിംഗ് ചെയ്തിരിക്കുന്ന ഇതിന്റെയറ്റത്ത് സീലിംഗിൽ പ്രത്യേക മൗണ്ടിംഗ് സംവിധാനമുപയോഗിച്ച് പ്രൊജക്ടർ ഘടിപ്പിച്ചിരിക്കുന്നു. ഇത്തരത്തിൽ ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളോടുകൂടിയാണ് സ്കൂളുകളിൽ ഹൈടെക് ക്ലാസ്മുറികൾ (*മാതൃക*) തയ്യാറാക്കേണ്ടത്. എന്നാൽ ക്ലാസ്മുറിയുടെ നിലവിലെ ഘടനയ്ക്കനുസരിച്ച് ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആവശ്യമായ മാറ്റം വരുത്താവുന്നതാണ്.

○ ○ ○ ○ ○ ○ ○